**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3042** **25-10-2021 - ൽ മറുപടിയ്ക്ക്**

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) | മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് കി. മീ. 3/600-5/000 വരെയുള്ള സബ് ബേസ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 0/000മുതൽ 3/600 വരെയുള്ള ഭാഗങ്ങളിലെ ഫോർമേഷൻ പ്രവൃത്തികൾ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പുരോഗതിയിലാണ്. ഈ ഭാഗത്തെ യൂട്ടിലിറ്റീസ്, വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ, കെ.എസ്.ഇ.ബി പോസ്റ്റുകൾ തുടങ്ങിയവ മാറ്റുന്നതിനായി ROW പോർട്ടൽ മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേരി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഫോർമേഷൻ ഭാഗത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി വിലനിർണ്ണയത്തിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവരിൽ ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടു നലകിയവരിൽ 10 പേർക്ക് നഷ്ടപരിഹാര തുക നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതുമായി ബന്ധപ്പെട്ട 39,19,594/- രൂപയുടെ എൽ.ഒ.സി പ്രൊപ്പോസൽ PWD-C2/246/2021-PWD നം. ഫയലിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് (സി) വകുപ്പിലുള്ള ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടു നലകിയവരിൽ 10 പേർക്ക് നഷ്ടപരിഹാര തുക നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതുമായി ബന്ധപ്പെട്ട 39,19,594/- രൂപയുടെ എൽ.ഒ.സി പ്രൊപ്പോസൽ PWD-C2/246/2021-PWD നം. ഫയലിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ